## പോലീസ് വേഷത്തിലെത്തി കവർച്ച രണ്ട് പേർ കൂടി അറസ്റ്റിൽ

കഴിഞ്ഞ വർഷം ജനുവരി മാസത്തിൽ കോങ്ങാട്, പതിനാറാം മൈലിൽ വെച്ച് പോലീസ് വേഷധാരികൾ അടങ്ങുന്ന ഇന്നോവ കാറിൽ വന്ന് മലപ്പുറം സ്വദേശി ഇസ്മയിലിനെയും കൂട്ടുകാരായ അഷ്റഫ് , ഇസ്ഹാഖ് എന്നിവർ സഞ്ചരിച്ച കാറ് തടഞ്ഞ് നിർത്തി കയ്യാമം വെച്ച് കാറിൽ കയറ്റുകയും, അവരുടെ പക്കൽ ഉണ്ടായിരുന്ന 15 ലക്ഷം രൂപയും കാറും തട്ടിക്കൊണ്ടുപോവുകയും പിന്നീട് മൂവരെയും വഴിയിൽ ഇറക്കിവിടുകയും ചെയ്ത സംഭവത്തിൽ രണ്ട് പേരെ കൂടി കോങ്ങാട് പോലീസ് അറസ്റ്റു ചെയ്തു. കണ്ണൂർ , കടമ്പൂർ, കടാച്ചിറ സ്വദേശി മുഹമ്മദ് സാജിദ്, വ : 42, കണ്ണൂർ, മാട്ടൂർ സ്വദേശി അയ്യൂബ് വ :51 എന്നിവരെയാണ് അറസ്റ്റു ചെയ്തത്. ഇതോടെ ഈ കേസ്സിൽ 5 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. മൊത്തം മൂന്ന് പോലീസ് വേഷധാരികൾ അടക്കം 7 പ്രതികളാണ് ഉള്ളത്. ബാക്കി പ്രതികളെക്കുറിച്ച് പോലീസിന് സൂചന ലഭിച്ചിട്ടുണ്ട്, അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറ IPS അവർകളുടെ നിർദ്ദേശാനുസരണം പാലക്കാട് DySP V. D. വിജയകുമാർ, ഹേമാംബിക നഗർ ഇൻസ്പെക്ടർ പ്രേമാനന്ദ കഷ്ണൻ, കോങ്ങാട് SI -ഹരീഷ് ക്രൈം സ്കാഡ് അംഗങ്ങളായ SI ജലീൽ, സുനിൽകുമാർ, ഹരിഹരൻ, സജി, സാജിദ്, പ്രശോഭ്, വിനീഷ്, രാജീദ്, ഷമീർ എന്നിവരടങ്ങിയ സംഘമാണ് കേസ്സന്വേഷണം നടത്തുന്നത്.

